LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞിരമല കുടിവെള്ള പദ്ധതി

176 (868) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ-യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് 2014-15-ൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിരുന്ന കാഞ്ഞിരമല കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ജലവിഭവ വകുപ്പിലെ നിർവ്വഹണ വകുപ്പായി നിശ്ചയിച്ചിരുന്ന പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള സത്വര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതി

177 (869) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷനുകൾ എത്ര എണ്ണം ഇതിനോടകം നൽകിക്കഴിഞ്ഞുവെന്ന് പറയാമോ ; അപേക്ഷകരിൽ എല്ലാവർക്കും കുടിവെള്ള കണക്ഷൻ നൽകാൻ ചേർത്തലയിൽ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്രകൊണ്ടാണെന്ന് പറയാമോ ;

(ബി) ചേർത്തല താലൂക്കിൽ കുടിവെള്ള കണക്ഷന് അപേക്ഷിച്ചിരിക്കുന്ന മുഴുവൻ ആളുകൾക്കും എപ്പോൾ കണക്ഷൻ നൽകാനാവുമെന്ന് പറയാമോ ;

(സി) ജപ്പാൻ കുടിവെള്ള കണക്ഷനുവേണ്ടി നിലവിൽ ചേർത്തലയിൽ അപേക്ഷ സ്വീകരിക്കുന്നുണ്ടോയെന്ന് പറയാമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; കുടിവെള്ള കണക്ഷന് അപേക്ഷ നൽകുമ്പോൾ റോഡ് ക്രോസ്സ് ചെയ്ത് ലൈൻ വലിക്കേണ്ട കേസുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി കക്ഷികൾ വാങ്ങിനൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ ; ഇത് പ്രായോഗികമാണോ ; ഇത്തരത്തിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നിർദ്ദേശങ്ങൾ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് പറയാമോ ?

ഉത്തരം

(എ&ബി) ചേർത്തല താലൂക്കിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ 31803 കണക്ഷനുകൾ ഇതിനോടകം നൽകിക്കഴിഞ്ഞു. കുടിവെള്ള കണക്ഷനുവേണ്ടി രേഖകൾ ഹാജരാക്കി കണക്ഷൻ ഫീസ് ഒടുക്കിയ നാളിതുവരെയുള്ള എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്.

കുടിവെള്ള കണക്ഷന് റോഡ് ക്രോസിംഗ്/സൈഡ് കട്ടിംഗ് ചെയ്ത് ലൈൻ വലിക്കേണ്ട കേസുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി കക്ഷികൾ വാങ്ങി നൽകേണ്ടതില്ല. എന്നാൽ റോഡ് ക്രോസ് ചെയ്ത് ലൈൻ വലിക്കുമ്പോഴുണ്ടാകുന്ന ടാർ കട്ടിംഗിനുള്ള ചെലവ് ഉപഭോക്താവ് വഹിക്കേണ്ടിവരുന്നതാണ്.

തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ

178 (870) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ മുടങ്ങിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തടയണകളുടെ നിർമ്മാണമാണ് മുടങ്ങിക്കിടക്കുന്നത് ; വ്യക്തമാക്കുമോ ;

(ബി) പൂർത്തിയാക്കിയ പണികൾക്കുള്ള ബിൽ തുക കരാറുകാർക്ക് കൊടുത്തുതീർത്ത് നിർമ്മാണപണികൾ പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly